"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വൈക്കം നഗരസഭാ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീസ്-നെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.475/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.03.2020 തീയതിയിലെ ഇ5(എസ്.സി.22/2019/ഇ.ആർ.കെ.) 4709/2020 നമ്പർ കത്ത്.
2. 20.12.2021 തീയതിയിലെ ഇയു2-184/2021/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 08.11.2024 തീയതിയിലെ LSGD/PD/10539/2023-VIGB6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് വ്യാപകമായ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വൈക്കം നഗരസഭാ ഓഫീസിൽ 07.12.2019 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീസിന്റെ ഹാജർ 02.12.2019നു ഉച്ചയ്ക്കുശേഷം രേഖപ്പെടുത്തിയിട്ടില്ലായെന്നും, ടിയാൻ മിന്നൽപരിശോധനാ ദിവസം (07/12/2019) അനധികൃതമായി ജോലിയ്ക്ക് ഹാജരായിട്ടില്ല എന്നും കൂടാതെ ടിയാൾ അവധിക്ക് അപേക്ഷ നൽകുകയോ അവധിയുടെ വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തിട്ടില്ലായെന്നും കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീസിനെതിരെ ലഘു ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.അനീസ് ഐ. സമർപ്പിച്ച മറുപടി പ്രകാരം 03/12/2019 മുതൽ 06/12/2019 തീയതി വരെ കമ്മ്യൂട്ടഡ് അവധിയിലായിരുന്നു എന്നും ലീവിൽ ആയിരിക്കേ ശാരീരിക അസ്വസ്ഥതകൾ മൂലം ഡോക്ടറുടെ നിർദ്ദേശപ്രകാരം ചികിത്സയിലും വിശ്രമത്തിലും

ആയിരുന്നു എന്നും വിജിലൻസ് പരിശോധന ദിവസമായ 07/12/2019ലും തുടർ ചികിത്സയിൽ ആയിരുന്നതിനാലാണ് ജോലിക്ക് ഹാജരാകാതിരുന്നത് എന്ന് ആയത് സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ടിയാൻ വിശദീകരണം നൽകിയിരുന്നു.

3. ശ്രീ.അനീസ് ഐ.യുടെ മറുപടിയിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം 3 അഭിപ്രായറിപ്പോർട്ട് പ്രകാരം, വൈക്കം നഗരസഭ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ 02/12/2019-ന് ഉച്ചയ്ക്ക് ശേഷവും 07/12/2019 തീയതിയിലും ടിയാൻ ഹാജർ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നതായും, 03.12.2019 തീയതി മുതൽ 06/12/2019 തീയതി വരെ ടിയാൾക്ക് കമ്മ്യൂട്ടഡ് അവധി അനുവദിച്ചിട്ടുള്ളതും ടി വിവരം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്നറിയിക്കുന്നു. 02/12/2019-ന് ഉച്ചയ്ക്ക് ശേഷവും 07/12/2019 തീയതിയിലും അവധി അനുവദിച്ചതായി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും, കൂടാതെ ടി ദിവസങ്ങളിൽ ടിയാൻ അവധിക്ക് അപേക്ഷ നൽകുകയോ അവധിയുടെ വിവരം ബന്ധപ്പെട്ടവരെ അറിയിക്കുകയോ ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം ശ്രീ.അനീസ് ഐ. സമർപ്പിച്ച മറുപടിയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിലുള്ള കുറ്റാരോപണമെമ്മോക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീസിന്റെ മറുപടി വസ്തുതാപരമല്ലായെന്നും ടിയാന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതായും വ്യക്തമായിരുന്നു.

5. മേൽ സാഹചര്യത്തിൽ വൈക്കം നഗരസഭയിൽ വിജിലൻസ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ വൈക്കം നഗരസഭാ ഓഫീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീസിനെതിരായ ആരംഭിച്ച അച്ചടക്കനടപടി, KCS(CC&A) ചട്ടം 11 (1) (i) പ്രകാരം ടിയന് Censure(ശാസന) നൽകിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അനീസ്.ഐ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വൈക്കം നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 15-02-2025 11:24:10
സെക്ഷൻ ഓഫീസർ